(3) ആര്യനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

ശ്രീ. ജി. കാർത്തികേയൻ: സർ, കേരളത്തിലെ ചില നിയോജകമണ്ഡലങ്ങളിലും അപൂർവ്വം ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയതായി ഈ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം എന്റെ എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അതിനുവേണ്ടി നീക്കിവയ്ക്കുകയും അതോടൊപ്പംതന്നെ ഡിപ്പാർട്ടുമെന്റ് അവരുടെതായ വിഹിതം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഏതായാലും പല ഉദ്ഘാടനങ്ങളും നടക്കുന്നത് നമുക്കെല്ലാവർക്കും അറിയാം. അത്രയുമില്ലെങ്കിലും ഫെബ്രുവരി മാസത്തിലെങ്കിലും ഇതിന്റെ പ്രഖ്യാപനം നടത്തുന്നതിനുവേണ്ട അടിയന്തിരമായ നടപടികൾ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കുവാൻ അങ്ങ് നേതൃത്വം കൊടുക്കുന്നു എന്നുള്ളത് അറിയാം. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ സഭയോടും അങ്ങയോടും അഭ്യർത്ഥിക്കുകയാണ്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, ആര്യനാട് നിയോജകമണ്ഡലം ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന വനപ്രദേശങ്ങൾ കൂടി ഉൾപ്പെട്ട വിശാലമായൊരു പ്രദേശമാണ്. മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ഇതിൽ ഒരുകോടി 90 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പുതന്നെ, അതായത് എന്റെ വകുപ്പു തന്നെ വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വനഭൂമിയിലൂടെ ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ് ഈ പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിയാത്തതിന് കാരണം. രാജാവ് കനിഞ്ഞാലും പൂജാരി കനിയില്ല എന്നുപറഞ്ഞതുപോലെയാണ് ചില ആൾക്കാരുടെ പ്രവർത്തനങ്ങൾ. ഇക്കാര്യത്തിൽ വനംവകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിനുവേണ്ട നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രദേശങ്ങൾക്ക് ഒരു കോടി എഴായിരം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ എം.എൽ.എ. ഫണ്ടിൽ നിന്ന് 50,00,000 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പതിനേഴര ലക്ഷം രൂപയും നൽകാമെന്ന് ഓഫർ ചെയ്തു. ഇതിൽ പഞ്ചായത്തുകളുടെ അഭിപ്രായം ഇതെല്ലാം എം.എൽ.എ.യും എം.പി.യും മന്ത്രിമാരുമൊക്കെ ചെയ്യട്ടെയെന്നുള്ളതാണ്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിൽ താൽപ്പര്യം കാണിക്കാറില്ല. ആര്യനാട് ഉഴമലയ്ക്കൽ പഞ്ചായത്തിൽ നിന്നും മൂന്നരലക്ഷം രൂപ കിട്ടിയിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽനിന്ന് പണം ലഭിച്ചിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ബാക്കിയുള്ള ബാധ്യത കൂടി ഏറ്റെടുത്ത് നടപ്പിലാക്കും. ബഹുമാനപ്പെട്ട എം.എൽ.എ. വനം വകുപ്പുമായി ബന്ധപ്പെട്ട് ഈ പ്രവൃത്തി സ്റ്റാർട്ട് ചെയ്യിച്ചാൽ പണത്തിന്റെ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ആ രൂപത്തിൽ മൂന്ന് കോടി രൂപയുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എല്ലാ സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly